**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 574** **08-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിസെപ്പിലൂടെ എത്ര തുകയാണ് ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സക്കായി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | **01.07.2022 ൽ നിലവിൽ വന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിലൂടെ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായി 01.10.2024 വരെ 757561 ക്ലെയിമുകൾക്ക് 1,494,16,38,363/- രൂപയുടെ ആനുകൂല്യം നൽകിയതായി ഇൻഷുറൻസ് കമ്പനി ലഭ്യമാക്കിയ വിവരം മെഡിസെപ്പ് വെബ്സൈറ്റിലെ ഡാഷ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).** |
| (ബി) | നിലവിൽ എത്ര ജീവനക്കാരും പെൻഷൻകാരുമാണ് മെഡിസെപ്പിൽ അംഗങ്ങളായിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | **5,45,769 ജീവനക്കാരും 5,89,738 പെൻഷൻകാരും ഉൾപ്പെടെ 11,35,738 ഗുണഭോക്താക്കളാണ് നിലവിൽ മെഡിസെപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. (മെഡിസെപ്പ് ഡാഷ്ബോർഡ് പ്രകാരം)** |
| (സി) | ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത ആളുകൾക്ക് സമയബന്ധിതമായി ഇൻഷുറൻസ് തുക നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | മെഡിസെപ്പ് നടത്തിപ്പുമായി ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവച്ച ധാരണപത്രം ( MoU) പ്രകാരം ആശുപത്രിയിൽ അഡ്മിറ്റ് ആയി ചികിത്സ തേടുന്ന ഗുണഭോക്താക്കൾക്ക് ആശുപത്രി ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായിതന്നെ ഇൻഷുറൻസ് തുക അനുവദിച്ച് നൽകേണ്ടതാണ്. ഇൻഷുറൻസ് ക്ലെയിം അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സം മൂലം കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ഉടൻതന്നെ ആയത് പരിഹരിക്കുന്നതിന് ഇൻഷുറൻസ് കമ്പനിയ്ക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് ക്ലെയിം അപ്രൂവ് ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**As on 01/10/2024**

| | | No.of Claims | Amount (In Rs) |
|---|---|---|---|
| 1) | Total claims reported | 8,33,302 | 1,555,59,90,827 |
| | A)Government | 68,284 | 103,36,26,085 |
| | B)Private | 7,65,018 | 1,452,23,64,742 |
| 2) | No of claims approved | 7,57,561 | 1,494,16,38,363 |
| | A)Government | 54,924 | 91,46,87,099 |
| | B)Private | 7,02,637 | 1,402,69,51,264 |
| 3) | No of claims in query stage & under Preauth cases | 6,306 | 9,39,28,764 |
| | A)Government | 2,324 | 2,62,76,695 |
| | B)Private | 3,982 | 6,76,52,069 |
| 4) | No of claims rejected | 69,433 | 52,03,95,230 |
| | A)Government | 11,036 | 9,26,62,291 |
| | B)Private | 58,397 | 42,77,32,939 |